(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിൻ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലേക്ക് നിയമനങ്ങൾ നടത്തുന്നതിന് സർക്കാരിൽനിന്ന് ഏതെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് അതാതിടത്തെ ഭരണ സമിതിക്ക് അധികാരമുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി. എസ്. സി.-ക്ക് വിടുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഇല്ല.

മുൻ ഗവൺമെന്റിന്റെ കാലത്ത് ട്രഷറിയിൽ പണം നിക്ഷേപിച്ച ജില്ലാ സഹകരണ ബാങ്കുകൾ

96 [5652] ശ്രീ. ഡി. സുഗതൻ:
„ ഇ. എം. അഗസ്തി:
„ എം. എ. ചന്ദ്രശേഖരൻ:
„ പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളാണ് സർക്കാർ നിർദ്ദേശം അനുസരിച്ച് ട്രഷറിയിൽ പണം നിക്ഷേപിച്ചത്;

(ബി) ഓരോ ജില്ലാ സഹകരണ ബാങ്കും എന്തു തുക വീതമാണ് ട്രഷറിയിൽ നിക്ഷേപിച്ചത്;

(സി) ഈ തുക പിൻവലിക്കണമെന്ന് റിസർവ്വ് ബാങ്ക് നിർദ്ദേശം നൽകിയിരുന്നുവോ;

(ഡി) ഈ നിർദ്ദേശം ലഭിച്ചതിനെത്തുടർന്ന് ഓരോ ജില്ലാ ബാങ്കും അവർ ട്രഷറിയിൽ അടച്ച തുക അംഗ സംഘങ്ങൾക്ക് വായ്പ നൽകിയതായി രേഖയുണ്ടാക്കിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അപ്രകാരം ചെയ്തത് ബന്ധപ്പെട്ട അംഗങ്ങളുടെ അപേക്ഷയനുസരിച്ചും വായ്പ നൽകുന്ന ചട്ടങ്ങൾക്കും വിധേയമായിട്ടായിരുന്നുവോ;

(എഫ്) അല്ലാത്തപക്ഷം അപ്രകാരം പ്രവർത്തിച്ചവരുടെമേൽ എന്ത് നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. തിരുവനന്തപുരം
2. കൊല്ലം
3. ഇടുക്കി
4. കോട്ടയം
5. എറണാകുളം
6. പത്തനംതിട്ട
7. തൃശ്ശൂർ
8. മലപ്പുറം
9. പാലക്കാട്
10. കോഴിക്കോട് എന്നീ ജില്ലാ സഹകരണ ബാങ്കുകൾ.

(ബി)

			രൂപ
1.	തിരുവനന്തപുരം	..	50 കോടി
2.	കൊല്ലം	..	75 ,,
3.	ഇടുക്കി	..	175 ,,
4.	എറണാകുളം	..	55 ,,
5.	കോട്ടയം	..	35 ,,
6.	പത്തനംതിട്ട	..	27 ,,
7.	തൃശ്ശൂർ	..	102.82 ,,
8.	മലപ്പുറം	..	100 ,,
9.	പാലക്കാട്	..	100 ,,
10.	കോഴിക്കോട്	..	20 ,,

(സി) നൽകിയിരുന്നു.

(ഡി) റിസർവ്വ് ബാങ്ക് നിർദ്ദേശം ലഭിച്ച പ്രകാരം എറണാകുളം, പാലക്കാട് ജില്ലാ സഹകരണ ബാങ്കുകൾ മൊത്തം ട്രഷറി നിക്ഷേപവും പിൻവലിച്ചു. പിൻവലിച്ച തുക പ്രാഥമിക സംഘങ്ങൾക്ക് വായ്പയായി നൽകിയിട്ടുണ്ട്.

(ഇ) അതേ.

(എഫ്) ബാധകമല്ല.

ലിക്വിഡേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ

97 [5653] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തലത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങളാണ് ലിക്വിഡേറ്റ് ചെയ്തിട്ടുള്ളതെന്നും മുൻ ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനക്ഷമമല്ലാത്തതുമൂലം പിരിച്ചുവിട്ട എത്ര സഹകരണ സംഘങ്ങൾക്കാണ് രജിസ്ട്രേഷൻ നൽകിയത് എന്നും വെളിപ്പെടുത്തുമോ?